LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

First Session

(Second Meeting)

Wednesday, the 20th May 1959

KERALA LEGISLATURE LIBRARY
Thiruvananthapuram

Vol. VII] OFFICIAL REPORT [No. 55

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Wednesday, the 20th May 1959 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.

ORAL ANSWERS.

മരാമത്തുവേലകൾക്ക് നീക്കിവച്ചിട്ടുള്ള തുക.

* 1420. [1] **ശ്രീ. പി. എസ്സ്. കാർത്തികേയൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ മരാമത്തുവേലകൾക്ക് ഓരോ നിയോജകമണ്ഡലത്തിലേക്കും നീക്കിവച്ചിട്ടുള്ള തുക എത്ര വീതമാണ്;

(ബി) അങ്ങനെ നീക്കിവച്ചിട്ടുള്ള തുക പുതിയ ജോലികൾക്കുള്ളതാണോ; പണിതുടങ്ങി പൂർത്തിയാകാതെ കിടക്കുന്ന ജോലികൾക്കുള്ളതാണോ?

പൊതുമരാമത്തുവകുപ്പുമന്ത്രി **(ശ്രീ. ടി. അബ്ദുൾ മജീദ്):**

(എ) നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ തുക നീക്കിവച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. എസ്സ്. കാർത്തികേയൻ: ഈ സാമ്പത്തികവർഷത്തിൽ മരാമത്തുവേലകൾക്ക് നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ സംഖ്യ നീക്കിവയ്ക്കുവാൻ നോക്കുമോ?

2/678/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. അബ്ദുൾ മജീദ്: ഇപ്പോൾ സബ്ഡിവിഷന്റെ അടിസ്ഥാനത്തിലാണ് തുക നീക്കിവയ്ക്കുന്നത്.

ശ്രീ. സി. ജെ. മാത്യു: 1959-60 സാമ്പത്തികവർഷത്തിൽ വേറെ പണികൾക്ക് തുക നീക്കിവച്ചിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുൾ മജീദ്: ഉണ്ട്.

ശ്രീ. ടി. ഒ. ബാവാ: സബ്ഡിവിഷന്റെ അടിസ്ഥാനത്തിൽ നീക്കിവച്ചിട്ടുള്ള തുക എങ്ങനെയാണ് ചെലവാക്കുന്നതെന്ന് പറയാമോ?

ശ്രീ. ടി. അബ്ദുൾ മജീദ്: സബ്ഡിവിഷൻ വർക്കുകമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് തുക ചെലവഴിക്കുന്നത്.

ആത്മഹത്യ.

* 1421. [2] **ശ്രീ. കെ. ഹസ്സൻ ഗനി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞകൊല്ലം കേരളസ്റ്റേറ്റിൽ ആകെ എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും മൂലം ആത്മഹത്യ ചെയ്തവരുടെ സംഖ്യ എത്ര?

ധനകാര്യമന്ത്രി **(ശ്രീ. സി. അച്യുതമേനോൻ):**

(എ) 1351.

(ബി) ക്ലിപ്തമായി പറയുവാൻ സാദ്ധ്യമല്ല. അറിഞ്ഞിടത്തോളം 154 പേർ.

ശ്രീ. കെ. ഹസ്സൻഗനി: പട്ടിണികൊണ്ട് മരണപ്പെട്ടവർ ഏതു പ്രദേശത്താണ് കൂടുതൽ എന്നു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസ് വേണം.

ഭാഷാദ്ധ്യയനം.

* 1422. [3] **ശ്രീ. എൻ. ശിവൻ പിള്ള:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പർ പ്രൈമറിസ്കൂളുകളിൽ നിലവിൽ ഉണ്ടായിരുന്ന ഭാഷാദ്ധ്യയനം ഗവൺമെന്റ വേണ്ടെന്നു വച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം ഭാഷാദ്ധ്യാപകരായി ജോലി ചെയ്തിരുന്ന എത്ര അദ്ധ്യാപകരെ പിരിച്ചുവിട്ടിട്ടുണ്ട്?

വിദ്യാഭ്യാസവകുപ്പുമന്ത്രി **(ശ്രീ. ജോസഫ് മുണ്ടശ്ശേരി):**

(എ) ഇല്ല.

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ശിവൻപിള്ള: പ്രൈമറി സ്കൂളുകളിൽ ശാസ്ത്രിപാസ്സായി രണ്ടും മൂന്നും കൊല്ലം സർവ്വീസ് ഉള്ളവരെ പിരിച്ചുവിട്ടിട്ടുള്ളതായി വല്ല പരാതിയും കിട്ടീട്ടുണ്ടോ?